**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3135** **14-02-2024 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ അറ്റകുറ്റ പണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | റോഡ് പണിയുടെ ഭാഗമായി കുടിവെള്ള പൈപ്പ് പൊട്ടി റോഡിലൂടെ വെള്ളം ഒഴുകിപ്പോകുന്നതു വഴി ജല അതോറിറ്റിക്ക് നഷ്ടം സംഭവിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | റോഡ് പണിയുടെ ഭാഗമായി കുടിവെള്ള പൈപ്പ് പലപ്പോഴും പൊട്ടി വെള്ളം നഷ്ടപ്പെടാറുണ്ട്. എന്നാൽ ടി ലീക്കുകൾ അടിയന്തിരമായി തന്നെ റോഡ് പണി ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ മുഖേനയോ, ബ്ലൂ ബ്രിഗേഡ് മുഖേനയോ, വാർഷിക അറ്റകുറ്റ കരാറുകാരെകൊണ്ടോ സമയബന്ധിതമായി പരിഹരിക്കാറുണ്ട്. |
| (ബി) | പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | റോഡുകളുടെ വശങ്ങളിലും നടുഭാഗത്തുമായി മണ്ണിനടിയിൽ നേരത്തെ സ്ഥാപിച്ചിരിക്കുന്ന പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ റോഡുകൾ വെട്ടി പൊട്ടിച്ച് ലീക്കുകൾ പരിഹരിക്കേണ്ടതായി വരാറുണ്ട് ടി സാഹചര്യത്തിൽ റോഡുകൾ വെട്ടി പൊളിക്കുന്നത് ഒഴിവാക്കാൻ സാധ്യമല്ല.എന്നാൽ റോഡിനു അടിയിൽ നേരത്തെ സ്ഥാപിച്ചിരിക്കുന്ന പൈപ്പ് ലൈനുകൾ റോഡ് പണി നടക്കുന്ന സമയങ്ങളിൽ റോഡിൽ നിന്നും മാറ്റി സൈഡിൽ കൂടി/യൂട്ടിലിറ്റി കോറിഡോർ വഴി ഇടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലൂടെ പൈപ്പ് പൊട്ടുന്ന സാഹചര്യങ്ങളിൽ റോഡുകൾ വെട്ടിപൊളിക്കുന്നത് ഭാവിയിൽ ഒഴിവാക്കാനാകും. |
| (സി) | കുഴിച്ച റോഡുകളുടെ അറ്റകുറ്റ പണികളുടെ ചുമതല ഏത് വകുപ്പിനാണ് എന്ന് വിശദമാക്കാമോ; ഇത്തരം റോഡുകളുടെ അറ്റകുറ്റ പണികൾ യുദ്ധകാല അടിസ്ഥാനത്തിൽ തീർക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് എന്തെങ്കിലും നടപടികൾ കൈക്കൊള്ളുമോ; വിശദാംശം നൽകാമോ? | (സി) | കുഴിച്ച റോഡുകളുടെ അറ്റകുറ്റ പണികളുടെ ചുമതല റോഡ് വെട്ടിപ്പൊളിക്കുന്ന വകുപ്പിന് തന്നെയാണ്.<br><br>നിലവിൽ കേരളം വാട്ടർ അതോറിറ്റി വെട്ടി പൊളിക്കുന്ന റോഡുകൾ അതോറിറ്റി തന്നെ അറ്റകുറ്റപ്പണി നടത്തി പുനസ്ഥാപിക്കാറുണ്ട്. കൂടുതൽ വ്യാപ്തി വേണ്ടി വരുന്ന വർക്കുകൾ പൊതുമരാമത്തു വകുപ്പുമായി സഹകരിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താറുണ്ട്. |

| | | | |
|---|---|---|---|
| | | | പൈപ്പ് ലൈൻ പ്രവൃത്തികളുടെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തന്നെ റോഡ് മുറിക്കേണ്ട ഭാഗങ്ങളിൽ അതിനു വേണ്ട അപേക്ഷ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്നുണ്ട്. ജില്ലാ തലത്തിലുള്ള കോർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്താണ് ഇതിനു അംഗീകാരം ലഭിക്കുന്നത്. നിർമാണം/പുനർ നിർമാണം ക്രമീകരിച്ചിരിക്കുന്ന റോഡുകളിൽ റോഡ് പണിക്ക് മുൻപ് തന്നെ അനുവാദം വാങ്ങി പൈപ്പ് സ്ഥാപിക്കാൻ ശ്രമിച്ചു വരുന്നു. കൂടാതെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി കുഴിക്കുന്ന റോഡുകൾ പൂർവ സ്ഥിതിയിൽ എത്തിക്കുന്നതിനായി എസ്റ്റിമേറ്റ് ഘട്ടത്തിൽ തന്നെ തുക വകയിരുത്താറുണ്ട്. റോഡുമായി ബന്ധപ്പെട്ട കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്ന തുകകൾ ഒടുക്കിയതിനു ശേഷം കരാർ വച്ച് അനുവാദം ലഭിച്ച ശേഷം മാത്രമാണ് റോഡുകൾ കുഴിക്കുന്നത്. റെസ്റ്റോറേഷൻ തുക ഒടുക്കാത്ത റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി കേരള വാട്ടർ അതോറിറ്റി തന്നെ ക്രമീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ